**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1190** **18-01-2021 - ൽ മറുപടിയ്ക്ക്**

**റോഡുകളുടെ വീതി അളന്ന് തിട്ടപ്പെടുത്തുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | Shri G. Sudhakaran<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി) | |
| (എ) | കോതമംഗലം താലൂക്കിലെ പട്ടയ നടപടികളുടെ ഭാഗമായി താലൂക്കിലെ പൊതുമരാമത്ത് വകുപ്പിന്റെ റോഡുകളുടെ ആവശ്യമായ വീതി അളന്ന് തിട്ടപ്പെടുത്തണമെന്ന് ആവശ്യപ്പെട്ട് നൽകിയ നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | നിരത്തുവിഭാഗം ചീഫ് എഞ്ചിനീയറുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | കോതമംഗലം-കുട്ടമ്പുഴ, കോതമംഗലം-വടാട്ടുപാറ, കുട്ടമ്പുഴ–ഉരുളൻതണ്ണി, കുട്ടമ്പുഴ-ആനക്കയം അടക്കമുള്ള റോഡുകളുടെ ആവശ്യമായ വീതി നിർണ്ണയിച്ച് കിട്ടാത്തതുമൂലം പ്രസ്തുത സ്ഥലങ്ങളിലെ പട്ടയനടപടികൾക്ക് തടസ്സം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) | കോതമംഗലം -കുട്ടമ്പുഴ, കോതമംഗലം - വടാട്ടുപാറ, കുട്ടമ്പുഴ - ഉരുളൻതണ്ണി, കുട്ടമ്പുഴ- ആനക്കയം അടക്കമുള്ള റോഡുകളുടെ ആവശ്യമായ വീതി നിർണ്ണയിച്ച് നൽകുന്നതിനായി എക്സിക്യൂട്ടീവ് എഞ്ചിനീയർ തഹസിൽദാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | മേൽപ്പറഞ്ഞ പൊതുമരാമത്ത് വകുപ്പിന്റെ റോഡുകൾക്ക് സമീപം താമസിക്കുന്നവർക്ക് പട്ടയം നൽകുന്നതിനായി മേൽപ്പറഞ്ഞ റോഡുകൾക്ക് ആവശ്യമായ വീതി നിർണ്ണയിക്കുന്നതിനുവേണ്ട അടിയന്തിര നടപടി സ്വീകരിക്കുമോ ; | (സി) | റോഡുകൾക്ക് ആവശ്യമായ വീതി നിർണ്ണയിക്കുന്നതിനുവേണ്ട നടപടികൾ സർക്കാരിന്റെ സജീവ പരിഗണനയിലാണ്. |
| (ഡി) | ഇതുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ ? | (ഡി) | കോതമംഗലം - സബ്ഡിവിഷന്റെ പരിധിയിൽ വരുന്ന നെടുമ്പാശ്ശേരി - കൊടൈക്കനാൽ റോഡിന്റെയും, കോതമംഗലം - പെരുമ്പൻകുത്ത് റോഡിന്റെയും ഭാഗങ്ങളാണ് ഭൂതത്താൻകെട്ട് - വടാട്ടുപാറ റോഡും, കുട്ടമ്പുഴ - പൂയംകുട്ടി റോഡും. എറ്റവും വികസന സാദ്ധ്യതകളുള്ള കൊടൈക്കനാൽ, മൂന്നാർ എന്നീ വിനോദസഞ്ചാര മേഖലകളുമായി ബന്ധിപ്പിക്കുവാൻ ഉദ്ദേശിച്ച് നിർമ്മിച്ച ടി റോഡുകൾ അന്തർ സംസ്ഥാന പാതകളായി വികസിപ്പിക്കേണ്ടിവരുമ്പോൾ ഇതിനായി സ്ഥലം ആവശ്യമായി വരുന്നതാണ്. ഇതിനായി ഭൂതത്താൻകെട്ട് - വടാട്ടുപാറ റോഡിന് (നെടുമ്പാശ്ശേരി - കൊടൈക്കനാൽ റോഡ്) 22 മീറ്ററും, ആനക്കയം-കുട്ടമ്പുഴ-പൂയംകുട്ടിറോഡിന് (നെടുമ്പാശ്ശേരി - കൊടൈക്കനാൽ റോഡ്) 22 |

| | | | |
|---|---|---|---|
| | | | മീറ്ററും ഉരുളൻതണ്ണി - കുട്ടമ്പുഴ റോഡിന് 15 മീറ്ററും വീതി ആവശ്യമായി വരുന്നുണ്ട്. ഈ വിവരം തഹസിൽദാർക്ക് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ